## 23 മെയ് 2010

# പെന്തിക്കൊസ്തിപ്പെരുന്നാൾ

## യോഹ 14 : 15 – 24

**ഫാ. മാത്യു പി. ഫ്രാൻസിസ്**

നമ്മുടെ കർത്താവിന്റെ രക്ഷണ്യ വ്യാപാരത്തിന്റെ പുതിയൊരു രഹസ്യം ഇന്ന് തുറക്കുകയാണ്. ത്രിത്വത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവ് ഇതാ ലോകമധ്യത്തിൽ വെളിപ്പെട്ട ദിവസം. ഉയിർപ്പിന്റെ അൻപതാം ദിവസം, കർത്താവ് അരുളി ചെയ്ത സഹായകനായ പരിശുദ്ധാത്മാവ് സെഹിയോൻ മാളികയിൽ പ്രാർത്ഥിച്ചിരുന്ന ശിഷ്യൻമാരുടെമേൽ തീനാവിന്റെ രൂപത്തിൽ എഴുന്നള്ളുകയും അവിടെ ഉണ്ടായിരുന്ന എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയുകയും ചെയ്തു. ഇപ്രകാരം കർത്താവിന്റെ ഇഹലോകവാസശേഷം തന്റെ ശിഷ്യൻമാരിലൂടെ കർത്താവിന് പ്രവർത്തിക്കുവാൻ വേണ്ടിയാണ് പരിശുദ്ധാത്മാവിനെ അയച്ചത്. ആ ശിഷ്യസമൂഹമാണ് സഭ. അപ്രകാരം സഭ പരിശുദ്ധാത്മാവിനെ സ്വീകരിച്ച് ഔദ്യോഗികമായി ലോകത്തിൽ ക്രിസ്തുവിന്റെ മൗതീക ശരീരമായി രൂപാന്തരപ്പെട്ട ദിവസമാണ് ഇന്ന്. ഈ പന്തക്കൂസ്താദിവസം സഭ ഉദ്ഘാടനം ചെയ്യപ്പെട്ടു എന്നു പറയുമ്പോൾ നാം ശ്രദ്ധിക്കേണ്ട ഒരു കാര്യമിതാണ്. പന്തക്കൂസ്തായിലും അതേ തുടർന്നും സഭയിൽ കൂദാശകൾ പരികർമ്മം ചെയ്യുവാൻ തുടങ്ങിയതായി നാം മനസ്സിലാക്കണം. പ്രധാനമായും പ്രാരംഭ കൂദാശകളായ മാമോദിസ, സ്ഥൈര്യലേപനം, വി.കുർബാന.

പെന്തകോസ്തയിൽ പത്രോസ് വചനം മുറിച്ചപ്പോൾ അത് കേട്ട് മൂവായിരത്തോളം അളുകൾ ക്രിസ്തു വിശ്വാസം ഏറ്റ് പറഞ്ഞ് സ്നാനം സ്വീകരിക്കുകയും അതോടൊപ്പം പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും വിശ്വാസത്തിന്റെ പടയാളിയാവുകയും ചെയ്തു. ഇത് മൂറോനാഭിഷേകത്തിന്റെ പ്രാക്‌രൂപമാണ്. തുടർന്ന് അവർ പരിശുദ്ധ കുർബാനയുടെ ആദിമ രൂപമായ അപ്പം മുറിക്കലിലും പങ്കുചേർന്നു. അപ്പോസ്തോല നടപടി 22:44 "വിശ്വസിച്ചവർ ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു." അവർ ഏക മനസ്സോടെ താൽപര്യപൂർവ്വം അനുദിനം ദേവാലയത്തില് ഒന്നിച്ച് കൂടുകയും ഭവനം തോറും അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്ക് ചേരുകയും ചെയ്തിരുന്നു. സഭയുടെ പ്രത്യേകതയും ഇതാണ്. ഏകവിശ്വാസത്തോടെയും ഏകമനസ്സോടും ക്രിസ്തുവിന് വിശ്വാസബലി അർപ്പിക്കുന്ന സമൂഹമാണിത്.

ഇന്നത്തെ സുവിശേഷത്തിൽ കർത്താവ് തന്റെ മരണത്തിന് മുൻപ് പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്ന ഭാഗമാണ് വായിക്കുന്നത്. പ്രത്യേകിച്ച് ഈ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവാൻ നാം പാലിക്കേണ്ട വ്യവസ്ഥകൾ എന്തെന്നും വ്യക്തമാക്കുന്നു. ഒന്നാമതായി ദൈവത്തിന്റെ ആത്മാവിനെ സ്വീകരിക്കുവാൻ അവിടുത്തെ കല്പനകൾ നാം പാലിക്കണം. ദൈവത്തെ നാം സ്നേഹിക്കുന്നു എന്നതിന്റെ പ്രകടമായ അടയാളമാണിത്. അപ്രകാരം ദൈവത്തെ സ്നേഹിക്കുന്നവന് ദൈവം നൽകുന്ന സമ്മാനമാണ് പരിശുദ്ധാത്മാവ്. കർത്താവ് വ്യക്തമായി പറയുന്നുണ്ട് ലോക കാര്യങ്ങളിൽ വ്യാപരിക്കുന്നവന് ഈ ആത്മാവിനെ സ്വീകരിക്കുവാൻ കഴിയില്ല. കാരണം ലൗകീകതയ്ക്ക് ആത്മീയതയുമായി ഒരുമിച്ച് പോകുവാൻ സാധിക്കുകയില്ല. കർത്താവ് മുൻപ് പറഞ്ഞിട്ടുണ്ട് ദൈവത്തെയും മാമോനെയും ഒരുമിച്ച് സ്നേഹിക്കുവാനും സേവിക്കുവാനും കഴിയുകയില്ല എന്ന്. എന്നാൽ ക്രിസ്തുവിനൊപ്പം വസിക്കുന്നവന് പരിശുദ്ധാത്മാവിനെ തിരിച്ചറിയുവാൻ കഴിയും. ക്രിസ്തുവിനെ അറിയുന്നവനിൽ പരിശുദ്ധാത്മാവ് വസിക്കുന്നു, ദൈവം അവനോടൊത്ത് വസിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ വാഗ്ദാനം പന്തക്കൂസ്തായിൽ നിറവേറിയപ്പോഴാണ് ശിഷ്യൻമാർ ശക്തരായി തീർന്നത്. വിശ്വാസത്തിന് വേണ്ടി ജീവൻ സമർപ്പിക്കുവാൻ പോലും തയ്യാറായതും. പന്തക്കൂസ്തായിൽ കിട്ടിയ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ആത്മ ബലമായിരുന്നു ആദിമ സഭയുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് നിദാനമായ കാര്യവും.

ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹത്തിന്റെ പ്രകാശനമായിരുന്നു പന്തക്കൂസ്ത. ദൈവം മനുഷ്യനായത് നഷ്ടപ്പെട്ടുപോയ മനുജകുലത്തെ രക്ഷിക്കാനായിരുന്നല്ലോ? ഈ ദൈവസ്നേഹം ഒരിക്കലും നഷ്ടപ്പെട്ട് പോകുന്ന സ്നേഹമല്ല. തന്റെ മരണ വിനാഴിക മുന്നിൽ കണ്ടുകൊണ്ട് "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല"എന്നരുളിചെയ്ത് അവിടുന്ന് നമുക്ക് പ്രത്യാശ നൽകി. ക്രിസ്തുവിന്റെ ഈ ഉറപ്പ് പരിശുദ്ധാത്മാവിന്റെ ആഗമനത്തിലൂടെ പൂർത്തീകരിക്കപ്പെടു കയായിരുന്നു. ജോയേൽ പ്രവാചകൻ പ്രവചിച്ചിരുന്ന "അന്ന് ഇങ്ങനെ സംഭവിക്കും എല്ലാവരുടെയും മേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും, നിങ്ങളുടെ വൃദ്ധൻമാർ സ്വപ്നങ്ങൾ കാണും, യുവാക്കൾക്ക് ദർശനങ്ങൾ ഉണ്ടാകും" (ജോയേൽ 2:28), ഇന്ന് പൂർത്തിയാകുന്നത് നാം കാണുന്നു. കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന സകലർക്കുമുള്ളതാണ് പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ. ദൈവസാന്നിദ്ധ്യം നാം തിരിച്ചറിയുന്നത് നാം പുറപ്പെടുവിക്കുന്ന ഫലങ്ങളിലുടെയാണ്. 1 കോറി 12:4 ''ദാനങ്ങളിൽ വൈവിധ്യം ഉണ്ടെങ്കിലും ആത്മാവ് ഒന്നു തന്നെ.ശുശ്രൂഷകളിൽ വൈവിധ്യമുണ്ടെങ്കിലും കർത്താവ് ഒന്ന് തന്നെ." ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് വിവിധ ശുശ്രൂഷകൾ ചെയ്യുവാൻ നമ്മെ പ്രാപ്തരാക്കുന്നത്.

പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവന് മാത്രമേ ദൈവ സംസർഗത്തിൽ ജീവിക്കുവാൻ കഴിയുകയുള്ളു. പന്തക്കൂസ്ത അനുഭവം പ്രധാനം ചെയ്യുന്നതും ഇത്തരം ഒരു തിരിച്ചറിവാണ്. യോഹന്നാൻ 12 : 20 നാം വായിക്കുന്നു, "ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലുമാണെന്ന് ആ ദിവസം നിങ്ങൾ അറിയും." ദൈവവഴിയിലൂടെ സഞ്ചരിക്കുന്നവർ അവിടുത്തെ കല്പന പാലിക്കുവാൻ ശ്രദ്ധിക്കും. നമ്മുടെ പ്രവർത്തിയിൽ നിന്ന് നാം ദൈവമക്കൾ ആണോ അല്ലയോ എന്ന് തിരിച്ചറിയാം. സഭയെയും സഭാ മക്കളെയും സജിവമായി നിലനിർത്തുന്നത് പരിശുദ്ധാത്മാ സാന്നിദ്ധ്യമാണ്. വിശ്വാസജീവിതത്തെ പരിപോഷിപ്പിക്കുവാനും ആത്മീയമായി വളരുവാനും ഈ ചൈതന്യം നമ്മെ ഒരുക്കുന്നു. ആദിമ ചൈതന്യം ശിഷ്യരെ എത്രമാത്രം ശക്തരാക്കിയോ അതേ ആത്മാവ് ഇന്നും സഭാമക്കളെ ആത്മീയനിറവുള്ള – ക്രിസ്തുവിന് വേണ്ടി മരിക്കുവാൻ പോലും തയ്യാറാകാൻ കഴിവുള്ളവരാക്കി തീർക്കുന്നു.

പന്തക്കൂസ്ത അനുഭവം ജീവിതത്തിൽ നിരന്തരം സൂക്ഷിക്കേണ്ടവരാണ് ക്രിസ്ത്യാനികൾ. പന്തക്കൂസ്തായിൽ ശിഷ്യസമൂഹം മുഴുവൻ ആത്മാവിനാൽ നിറഞ്ഞ് ലഹരി ബാധിച്ചവരെപ്പോലെ കാണപ്പെട്ടു. പഴയ നിയമത്തിൽ സാമുവേൽ പ്രവാചകന്റെ അമ്മ (ഹന്ന) പ്രാർത്ഥനയിൽ ലയിച്ചിരിക്കെ ദൈവാത്മാവിനാൽ പൂരിതയായപ്പോൾ ഏലി പുരോഹിതനും അവളെ ലഹരി പിടിച്ചവളായി തെറ്റിദ്ധരിക്കുന്നു (1സാമുവേൽ 1:14). ദൈവാത്മ ബന്ധത്തിന്റെ നിറവാണിത്. മറ്റൊരനുഭവമാകട്ടെ അവരെല്ലാവരും പരസ്പരം മനസ്സിലാക്കുന്ന സമൂഹമായി എന്നുള്ളതാണ്. വിവിധ ഭാഷകളിൽ സംസാരിച്ചിരുന്നവരെല്ലാം ഒരേ ദൈവസ്വരം കേട്ടു. ഇന്ന് പലപ്പോഴും നഷ്ടമാകുന്നതും ഇതാണ്. സഭാമക്കളെല്ലാം ഒരേ ചിന്തയോടും ഒരേ ലക്ഷ്യത്തോടും കൂടി പ്രവർത്തിക്കുമ്പോഴാണ് സഭയുടെ യഥാർത്ഥ ലക്ഷ്യം പൂർണ്ണമാകുന്നത്. സ്വാർത്ഥത വെടിഞ്ഞ് അപരന്റെ നൻമയ്ക്കായി പ്രവർത്തിക്കുവാനും ദൈവനീതിക്കനുസരിച്ച് ജീവിക്കുവാനും ദൈവവചനം പാലിച്ചുകൊണ്ട് ദൈവരാജ്യത്തിനായി പ്രവർത്തിക്കുവാനും നമുക്ക് ശ്രമിക്കാം. അപ്രകാരം സഭയിലൂടെ നമ്മോട് സംസാരിക്കുന്ന ദൈവത്തിന്റെ സ്വരം തിരിച്ചറിയുവാനും മാനസാന്തരത്തിന് യോജിച്ച ഫലം പുറപ്പെടുവിക്കുവാനും നമുക്ക് കഴിയട്ടെ.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&